മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം, മിഡിൽ ഈസ്റ്റ് കാമ്പയിൻ എന്നിവ നടത്തുന്നുണ്ട്. പരസ്യ പ്രചരണത്തിന്റെ ഭാഗമായി 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സരവും സംഘടിപ്പിച്ചുവരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു.

കല്യാശ്ശേരി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

256 (5059) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്യാശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ടൂറിസം പദ്ധതിയുടെയും മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാട് ടൂറിസം പദ്ധതിയുടെയും നിർമ്മാണ പുരോഗതി അറിയിക്കുമോ ; ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും ;

(ബി) ഈ വർഷം ടൂറിസം വകുപ്പിനുകീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് പുതിയ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ടൂറിസം പദ്ധതിയുടെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. പദ്ധതി പൂർത്തിയാക്കി 2015 നവംബർ മാസത്തോടു കൂടി സഞ്ചാരികൾക്ക് ഇറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാട് ബീച്ച് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസത്തോടുകൂടി പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പയ്യാവൂരിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly